2024

# SSLC Exam March 2024 Malayalam 1 Answer key

PREPARARED BY

WWW.EDUCATIONOBSERVER.COM

|

SSLC Examination 2024

Malayalam I Answer Key
By
www.educationobserver.com

| Qn No | Answer Key |
|---|---|
| 1 | കാട്ടിലെ ചോലകൾ |
| 2 | അമ്മ അനുഭവിക്കുന്ന മാനസിക സംഘർഷവും ദാരിദ്ര്യവും |
| 3 | ദിവാകരനെ കണ്ടപ്പോൾ തോന്നിയ ആശ്വാസം |
| 4 | അരികിൽ വന്നു നിന്നതാരെന്തഭിമതം |
| 5 | യേശുവിൻറെ പീഡാനുഭവം |
| 6 | എഴുത്ത് രചയിതാവിന്റെ സ്വാഭാവികമായ സർഗാത്മകശേഷിയാണ് വെളിപ്പെടുത്തുന്നത്. മറ്റ് നിബന്ധനകൾ ഒന്നും എഴുത്തിനെ ബാധിക്കുന്നതല്ല. |
| 7 | 1. താഴത്തു കുഞ്ഞികുട്ടിയമ്മയെ കാണാൻ ഈ നാട്ടിൽ ആരും തന്നെ വരുകയില്ല.<br>2. ന്യുയോർക്കിലായിരുന്നെങ്കിൽ ഇത്തരത്തിൽ പാശ്ചാത്യ വേഷം ധരിച്ച സന്ദർശകർ പത വായിരുന്നു. എന്നാൽ മാറിയ സാഹചര്യത്തിൽ ഇത്തരത്തിലുള്ള അതിഥികൾ വരില്ല. |
| 8 | ആശ്രമ ജീവിതത്തെ ചന്ദനമരത്തോടും സർവ്വമദനനെ  ചെറു പാമ്പിനോടും  ആണ് ഇവിടെ കവി സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. |
| 9 | ആർക്കും എപ്പോഴും കടന്നു വരാവുന്ന ഇടമായിരുന്നു മെത്രാന്റെ ഭവനം. വലുപ്പചെ റുപ്പങ്ങളുടെതായ വേർതിരിവ് അവിടെ ഉണ്ടായിരുന്നില്ല. സ്വകാര്യസ്വത്തിന്റേതായ ചിന്തകൾക പ്പുറം മാനവികതയുടെ ആഴം മെത്രാനിൽ തെളിഞ്ഞു കാണാം. അതു കൊണ്ടാണ് ഇനി ഇ ടേക്ക് വരുമ്പോൾ നേർവഴിക്ക് വരാമെന്നും വാതിൽ ചാരിയിടുന്നതല്ലാതെ താഴിട്ടു പൂട്ടുക ല്ലെന്നും മെത്രാൻ പറയുന്നത്. ഒരിക്കലും അടച്ചിടാത്ത വാതിൽ അഭയം നൽകാൻ മനസ്സുള മാനവികതയുടെ അടയാളമാണ്.ജീവിതത്തിൽ എല്ലാവരും നേർവഴികളിലൂടെയാണ് സഞ്ചരിക ണ്ടതെന്ന് അദ്ദേഹം കരുതുന്നു.വളഞ്ഞവഴികൾ ഉപേക്ഷിക്കണമെന്ന് മെത്രാൻ ഓർമിപ്പിക്കുന |
| 10 | മനുഷ്യ ചരിത്രത്തിൽ യുദ്ധം വരുത്തിവെക്കുന്ന ഭയങ്കരമായ ദുരന്തത്തെ എടുത്തു കാണിക്കാൻ വേണ്ടിയാണ് മഹാഭാരതം രചിക്കപ്പെട്ടത് എന്നാണ് മാരാർ വിലയിരുത്തുന്നത്. എന്നാൽ പാശ്ചാത്യ സാഹിത്യത്തിൽ ചില യുദ്ധവീരന്മാരുടെ പരാക്രമം വർണ്ണിക്കുവാനാണ് ശ്രമിച്ചിരിക്കുന്നത്. യുദ്ധത്തിൻറെ ഭീകരതയെ, ചതിയെ വെളിപ്പെടുത്തുന്ന ഒരുപാട് സന്ദർഭങ്ങൾ മഹാഭാരതയുദ്ധത്തിൽ ഉണ്ട്. യുദ്ധത്തിൻറെ അവസാന സമയത്ത് എന്തൊക്കെ യുദ്ധ നിയമങ്ങൾ ഉണ്ടോ അതൊക്കെ തിരസ്കരിച്ചു കൊണ്ടാണ് യുദ്ധം നടക്കുന്നത്. പാണ്ഡവ പക്ഷത്തുനിന്ന് അധർമ്മ യുദ്ധത്തിന്റെ പരമ്പരതന്നെ രൂപപ്പെടുന്നു. പാണ്ഡവ പക്ഷത്തോടുള്ള പക മൂത്തു പാണ്ഡവ പാളയത്തിൽ  കയറി അറു കൊല ചെയ്യുവാൻ അശ്വത്ഥാമാവിനെ പ്രേരിപ്പിക്കുന്നു. തന്റെ മുഖ്യ ശത്രുവിനെ മാത്രമല്ല ജീവനുവേണ്ടി യാചിക്കുന്നവരെ പോലും വെറുതെ വിടാൻ അയാൾ തയ്യാറായില്ല. മൂന്ന് രോഗവും നശിപ്പിക്കാൻ കഴിവുള്ള ബ്രഹ്മശിരസ്സ്  എന്ന അസ്ത്രം അയാൾ പ്രയോഗിക്കുന്നു. ഇതെല്ലാം യുദ്ധവെറി പൂണ്ട മനുഷ്യൻ നടത്തുന്ന വീണ്ടുവിചാരം ഇല്ലാത്ത പ്രവർത്തികളിലൂടെ യുദ്ധം വരുത്തുന്ന വലിയ ദുരന്തങ്ങളെയാണ് കാണിക്കുന്നത്. |

| | |
|---|---|
| 11 | ചവറുകൾക്കിടയിൽ ഒരു മിഠായിക്കടലാസ് കാണുമ്പോൾ വായിൽ വെള്ളമൂറിയിരുന്നെങ്കിലും കുമാർമാമ സിനിമയ്ക്കു കൊണ്ടു പോകുമെന്ന് കൊതിപ്പിച്ച് അത് നടപ്പിലാക്കാതിരിക്കുമ്പോളും കളഞ്ഞു കിട്ടിയ മുപ്പതു രൂപ ഈ ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ ലിംബാളെ തയാറായില്ല.കൂട്ടുകാരുടെ പ്രലോഭനങ്ങളിൽ വീണ് പണം പങ്കുവെക്കാനും ലിംബാളെയുടെ മനസ്സ് അനുവദിച്ചില്ല.ശരൺകുമാർ തന്റെ കയ്യിലുള്ള പണം സ്കൂൾ അസംബ്ലി കഴിഞ്ഞ് ഹെഡ്മാസ്റ്ററെ ഏൽപ്പിച്ചു.അദ്ദേഹം ഉച്ചഭാഷിണിയിലൂടെ ലിംബാളെയെ പരസ്യമായി അഭിനന്ദിച്ചു.ലിംബാളെയുടെ സത്യസന്ധമായ പ്രവൃത്തി കൊണ്ട് ക്ലാസ് ടീച്ചർ കുട്ടികളുടെ മുന്നിൽ വെച്ച് ലിംബാളെ കാണിച്ച സത്യസന്ധത ഈ ക്ലാസ്സിന്റെ മുഴുവൻ വിജയമാണ് എന്നു പറഞ്ഞപ്പോൾ അത് അദ്ദേഹത്തിന് കിട്ടിയ ഏറ്റവും വലിയ അംഗീകാരം കൂടി ആയിരുന്നു.ഈ അഭിനന്ദനം മുപ്പതുരൂപയേക്കാളും വിലപിടിപ്പുള്ളതായിരുന്നവെന്ന് ലിംബാളെ വ്യക്തമാക്കുന്നു. തീർത്തും പാർശ്വവൽക്കരിക്കപ്പെട്ട ഒരാളെ സംബന്ധിച്ച് ഇത്തരം അഭിനന്ദനങ്ങൾ എല്ലാ പ്രതിസന്ധികളും മറികടന്നു മുന്നോട്ടു പോകുവാനുള്ള പ്രചോദനമാണ്. |
| 12 | ജയിലിൽ നിന്നും അയച്ച കത്ത് കിട്ടിയ വെള്ളായിയപ്പൻ കത്തുമായി ജയിലിലെത്തി.ആ കത്ത് പാറവുകാരനെ കാണിച്ചു.കുറ്റവാളികളെ കാണാൻ ഈ സമയത്ത് പലരും വരാറുണ്ട്.അതിനാൽ വെള്ളായിയപ്പനെ അത്തരത്തിലൊരു സന്ദർശകൻ മാത്രമായാണ് പാറാവുകാരൻ കണ്ടത്.പാറാവുകാരന്റെ ആദ്യ സമീപനത്തിൽ നിന്നും അധികാരത്തിന്റെ ക്രൂരമായ ഭാവം തന്നെയാണ് പ്രകടമാകുന്നത്. എന്നാൽ എഴുത്ത് കാണിക്കുകയും അത് വായിക്കുകയും ചെയ്തപ്പോൾ പാറാവുകാരന്റെ ഭാവം മാറി. അടുത്ത ദിവസം കണ്ടുണ്ണിയെ തൂക്കികൊല്ലാൻ പോകുന്നു എന്നറിയിക്കുന്ന മരണവാറണ്ടായിരുന്നു അത്. മകനെ നഷ്ടപ്പെടാൻ പോകുന്ന നിസ്സഹായനായ ഈ മനുഷ്യന്റെ ഭാവം കണ്ടതുകൊണ്ടാണ് പാറാവുകാരന്റെ മനസ് കനിവുറ്റതായത്. |
| 13 | നിസ്സഹായരായ മാതാപിതാക്കളെ തിരിഞ്ഞു നോക്കാത്ത മക്കളെ കുറിച്ചുള്ള വാർത്തകൾ അനുദിനം വർദ്ധിച്ചു വരുന്നതായി കാണാം. ഇത്തരം വാർത്തകൾ ദിവസവും നമ്മുടെ പത്രങ്ങളിൽ നിറയാറുണ്ട്. ഇവിടെ അമ്മയെക്കുറിച്ച് ഭാവനാവിലാസത്തോടെ പൊറ്റക്കാട് കത്തെഴുതിയപ്പോൾ ആ മകന് ഒരു തിരിച്ചറിവ് എങ്കിലും ഉണ്ടായി. അയാൾ വൈകിയാണെങ്കിലും അമ്മയെ കാണാൻ വന്നു. എന്നാൽ ഇതിനേക്കാൾ ക്രൂരത കാണിക്കുന്ന രീതിയിലാണ് പുതിയ സംഭവങ്ങൾ പുറത്തുവരുന്നത്. സ്വന്തം അച്ഛനെ നായക്കൂട്ടിലടച്ചു പുറത്തുപോയ മകനെയും റെയിൽപാളത്തിലും, വഴിയമ്പലങ്ങളിലും, ദേവാലയങ്ങളിലും, പൊതുസ്ഥലങ്ങളിലും ഉപേക്ഷിക്കപ്പെടുന്ന വൃദ്ധരായ മാതാപിതാക്കളെകുറിച്ചുള്ള വാർത്തകൾ കൂടാതെ വൃദ്ധസദനങ്ങളിൽ തള്ളപ്പെടുന്നവരുടെ എണ്ണവും വർദ്ധിച്ചുവരുന്ന വൃദ്ധസദനങ്ങളും ഇവർ അനുഭവിക്കുന്ന വേദനകളുടെ സാക്ഷ്യപത്രങ്ങളാണ് |
| 14 | ഭാഷാപ്രയോഗം കൊണ്ട് മലയാള കഥാ ലോകത്ത് വേറിട്ട വ്യക്തിത്വം പുലർത്തുന്ന കഥാകാരനാണ് സുഭാഷ് ചന്ദ്രൻ. അദ്ദേഹത്തിൻറെ രചനാ കൗശലത്തിന്റെ നല്ലൊരു ഉദാഹരണമാണ് ഈ വാക്യം. തൻറെ ഭർത്താവിൻറെ മരണത്തിൻറെ സ്ഥിരീകരണമാണ് കടക്കണ്ണിൽ നിന്ന് രക്തം പൊടിയുന്ന കാഴ്ച കാണുന്നതിലൂടെ ജോലിയാ തിരിച്ചറിയുന്നത്. തുടർന്ന് അവൾ ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്ക് മായി ഉറഞ്ഞു പോകുന്നതായി അറിയുന്നു. കുടുംബനാഥന്റെ അഭാവം ആസ്ഥാനത്തേക്ക് തന്നെ കയറ്റിയിരുത്തുന്നതായി ജൂലിയാന് സ്വയം അറിയുകയാണ്. കുടുംബത്തിൻറെ ഉത്തരവാദിത്വം കരഞ്ഞു തീർക്കാൻ ഉള്ളതല്ല എന്ന് സത്യം തണുത്തുറഞ്ഞ ഹൃദയത്തോടൊപ്പം അവൾ തിരിച്ചറിയുന്നു. |
| 15 | ലളിതാംബിക അന്തർജനത്തിന്റെ സമ്പൂർണ്ണ കഥകൾ എന്ന കൃതിയിൽ നിന്ന് എടുത്തു ചേർത്തതാണ് വിശ്വരൂപം എന്ന കഥ. പൈതൃകമായ എന്തിനെയും കൈവിട്ട് പാശ്ചാത്യ സംസ്കാരത്തിന്റെ പിറകെ പോകുന്ന സമകാലിക സമൂഹത്തിന്റെ കഥ പറയുകയാണ് ലളിതാംബിക അന്തർജനം വിശ്വരൂപം എന്ന കഥയിലൂടെ. ഈ കഥയിലെ ശക്തമായ ഒരു കഥാപാത്രമാണ് മിസ്സിസ് തലത്ത്. സ്ത്രീ എന്ന അവസ്ഥയുടെ രണ്ട് തലങ്ങൾ ഈ കഥയിൽ സസൂക്ഷ്മം അവതരിപ്പിക്കപ്പെടുന്നു. നമ്മൾ ഇന്ന് കണ്ടുകൊണ്ടിരിക്കുന്ന സ്ത്രീയുടെ രണ്ട് അവസ്ഥകൾ.<br>ഒന്ന് സ്ത്രീയുടെ സഹജമായ ജന്മവാസനകൾ അവഗണിച്ച് തികച്ചും സ്വതന്ത്രമായ മാർഗത്തിലൂടെ നടക്കുന്ന ഒരു സ്ത്രീ. മറ്റത് കുടുംബ സാഹചര്യങ്ങളിൽ തളച്ചിടുന്ന പരമ്പരാ |

for more question papers & Answer keys visit www.educationobserver.com

| | |
|---|---|
| | ഗതമായ ശൈലിയിൽ ജീവിക്കപ്പെടുന്ന ഒരു സ്ത്രീ. ഈ രണ്ട് അവസ്ഥകളുടേയും സാഹചര്യങ്ങളും അനന്തരഫലവും കഥയിലൂടെ അന്തർജ്ജനം വ്യക്തമാക്കുന്നു. തുടർന്ന് മിസ്സിസ് തലത്ത് എന്ന കഥാപാത്രത്തിലൂടെ രണ്ടാമത്തെ അവസ്ഥയിലെത്തിയ "സ്ത്രീ' യാണ് സമൂഹനന്മയുടെ പ്രതീകമായി പ്രതിഷ്ഠിക്കുകയും. സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ ഒരു സ്ത്രീജന്മത്തിന്റെ യഥാർത്ഥരൂപം തന്നെ യാണ് ലളിതാംബിക നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്നത്. യഥാർത്ഥരൂപം എന്ന് പറയുമ്പോൾ നൈസർഗികമായ ചോദനകളാൽ ജീവിക്കുന്ന ഒരു "സ്ത്രീ എന്നേ അവർ ഉദ്ദേശിക്കുന്നുള്ളൂ. നമ്മുടെ കുടുംബ സാഹചര്യങ്ങളിലും സാമൂഹ്യസാഹചര്യങ്ങളിലും എല്ലാം പഴയ കാലം തൊട്ടേ സ്ത്രീ വീട്ടുഭരണത്തിനും കുഞ്ഞുങ്ങളെ പ്രസവിക്കാനും അവരുടെ പരിചരണത്തിനും വേണ്ടി ഉള്ളവരാണ് എന്നൊരു ധാരണയാണുള്ളത് എന്നാൽ കാലമേറെ പുരോഗമിച്ചപ്പോൾ അത്തരം ചിന്തകളൊക്കെ മാറി പുരുഷനോടൊപ്പം സ്ത്രീ എന്ന സങ്കൽപം ശക്തപ്പെട്ടു. അവളും വിദ്യാസമ്പന്നയായി. പുരുഷനെപ്പോലെത്തന്നെ ഉദ്യോഗകാര്യങ്ങളിലടക്കം ഇടപെടുവാനും സഹകരിക്കുവാനും ഇടവന്നു.<br>ഇത്തരം ഒരു സാഹചര്യത്തിൽ സ്ത്രീപുരുഷബന്ധങ്ങളിലും കുടുംബബന്ധങ്ങളിലും ഉണ്ടായേക്കാവുന്ന ചില പ്രയാസങ്ങൾ എടുത്ത് കാണിക്കുകയാണ് അന്തർജ്ജനം. നാട്ടിൻപുറത്തുകാരിയായ കുഞ്ഞുക്കുട്ടി അമ്മ വിദേശത്തെത്തിയതോടെ ആകെ മാറുന്നു. അതുവരെ ജീവിച്ചിരുന്ന ഒരു സ്ത്രീയെയല്ല നാം അവിടെ കാണുന്നത്. ഭർത്താവിനെ ഭരിക്കുന്ന, അദ്ദേഹത്തിന്റെ ജോലിയിൽ വരെ ഇടപെടുന്ന കണിശക്കാരിയായ, ജോലിക്കാരെ ഭരിക്കുന്ന കുട്ടികളെപ്പോലും അകറ്റി നിർത്തുന്ന മറ്റൊരു സ്ത്രീയായി മാറുന്നു. ഭർത്താവിന്റെ മരണത്തോടെ അവർ അത്തരമൊരു ജീവിതത്തിന്റെ തിക്തഫലം തിരിച്ചറിയുകയും ചെയ്യുന്നു. പഴയ സാഹചര്യങ്ങളിലേക്ക് തിരിച്ചെത്തുന്നു. പഴയ നാട്ടിൻപുറത്തുകാരിയായി മക്കളെ സ്നേഹിക്കുകയും ശാസിക്കുകയും ചെയ്ത് വളർത്തുന്ന അമ്മയുടെ, സ്ത്രീയുടെ വിശ്വരൂപമാണ് കഥയുടെ അവസാനത്തിൽ സുധീർ കാണുന്നത്. ചുരുക്കത്തിൽ സ്ത്രീയുടെ മൗലികമായ ധർമ്മങ്ങളിൽ ഊന്നൽ കൊടുത്ത് ജീവിക്കുന്ന സ്ത്രീത്വത്തിന്റെ വിശ്വരൂപം തന്നെയാണ് അന്തർജ്ജനം കഥയിലൂടെ ആവിഷ്കരിക്കുന്നത്<br>കുടുംബകാര്യങ്ങളിലും മറ്റും ശ്രദ്ധിക്കാതെ, സ്വന്തം മക്കൾക്കു സ്നേഹം നൽകാതെ ജീവിക്കുന്ന പച്ചപ്പരിഷ്കാരത്തിന്റെ നേർക്കുള്ള വിമർശനമാണ്, പരോക്ഷമായി പറഞ്ഞാൽ ഈ കഥയിലെ വിഷയം. സ്ത്രീ പ്രകൃതിയാണെന്നും അവളുടെ പ്രാഥമിക ഉത്തരവാദിത്വം സ്വന്തം കുടുംബത്തോടും മക്കളോടും ആണെന്നും അതിനപ്പുറമാണ് നമ്മുടെ പരിഷ്കാരവും സ്വതന്ത്രചിന്തകളും എല്ലാം എന്നുള്ള ചിത്രമാണ് എഴുത്തുകാരി അവതരിപ്പിക്കുന്നത് |
| 16 | കാമക്രോധലോഭമോഹാദികളാണ് മനുഷ്യനെ സംബന്ധിച്ച് ഏറ്റവും വലിയ ശത്രുക്കൾ ഇതിൽ ഏറ്റവും വിനാശകാരിയായിട്ടുള്ളത് ക്രോധമാണ്.നമ്മുടെ വിവേകം തന്നെ ഇല്ലാതാക്കി മോക്ഷപ്രാപ്തിക്ക് തടസ്സമായി നിൽക്കുന്നതാണ് ക്രോധം . മനസ്സിൽ ദേഷ്യം നിറഞ്ഞാൽ മാതാപിതാക്കളേയും സഹോദരങ്ങളേയും ബന്ധുമിത്രാദികളേയും വധിക്കുവാൻ മനുഷ്യന് ഒരു മടിയുമുണ്ടാവില്ല.തീവ്രമായ ദുഃഖത്തിലേക്ക് മനുഷ്യനെ കൊണ്ടുപോവാൻ മനസ്സിൽ ദേഷ്യം നിറഞ്ഞാൽ മാത്രം മതി. മനുഷ്യനെ ലൗകിക ദുഃഖങ്ങളിൽ തളച്ചിടുന്ന കോപം ധർമ്മത്തെ ഇല്ലാതാക്കുന്നു. അതുകൊണ്ട് ബുധജനം ക്രോധം ഉപേക്ഷിക്കണം എന്നാണ് കവി പറയുന്നത്. |
| 17 | ആരും ഭൂമിയിൽ ഒറ്റയ്ക്കല്ല, എല്ലാവർക്കും എല്ലാവരും കൂട്ടായി ഉണ്ട് എന്ന് പ്രധാന ആശയത്തെ വിവരിച്ച് കവിയെ കുറിച്ചുള്ള ലഘു വിവരണം നൽകി സമാന കവിതകളെയും കുറിപ്പുകളെയും ഉദാഹരിച്ച് ഇഷ്ടപ്പെട്ട വരികളും അതിനുള്ള കാരണവും പറഞ്ഞു സ്വന്തം അഭിപ്രായം കൂടി രേഖപ്പെടുത്തി ഉചിതമായ തലക്കെട്ടും നൽകി കുറിപ്പ് തയ്യാറാക്കുക. |

for more question papers & Answer keys visit www.educationobserver.com